മെട്രോ വാർത്ത

# ശാസ്ത്രജ്ഞർ കർഷകർക്ക് വേണ്ടി പ്രവർത്തിക്കണം: കേന്ദ്ര മന്ത്രി

കൊച്ചി: കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ശാസത്ര സമൂഹം കർഷകർക്ക് പ്രയോജനകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന് കേന്ദ്ര കൃഷി സഹമന്ത്രി ഡോ. സഞ്ജീവ് കുമാർ ബല്യാൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര കാർഷികകർഷക ക്ഷേമമന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡയറക്റ്റർമാരെയും ശാസ്ത്രജ്ഞരെയും അഭിസംബോധനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കർഷകർക്ക് പ്രാധാന്യം നൽകിയുള്ള ഗവേഷണമാണ് വേണ്ടത്. കാർഷികമേഖലയിൽ മുന്നേറുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. നിലവിലുള്ള ഗവേഷണ സമ്പ്രദായത്തിൽ മാറ്റം വേണം. സമുദ്ര കൂടുകൃഷി വികസിപ്പിക്കുന്നതിൽ സിഎംഎഫ്ആർഐ ശാസ്തജ്ഞരുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

മോദ, വളവോടി, കലവ എന്നി മത്സ്യങ്ങളുടെ വിത്തുൽപാദന സാങ്കേതികവിദ്യയുടെ വികസനം, നാഷണൽ ബ്രീഡ് ബാങ്ക് തുടങ്ങി പദ്ധതികൾ സിഎംഎഫ്ആർഐയുടെ മികച്ച സംഭാവനകളാണെന്നും മന്ത്രി പറഞ്ഞു. സമുദ്ര കൂടുകൃഷി കൂടുതൽ വ്യവസ്ഥാപിതമാക്കുന്നതിന് മാരികൾച്ചർ പോളിസി രൂപപ്പെടുത്തണമെന്ന് സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ ആവശ്യപ്പെട്ടു. കടലിൽ കൂടുകൃഷി നടത്തുന്നതിനുള്ള സാങ്കേതിക വിദ്യ സിഎംഎഫ്ആർഐ കർഷകർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇത് വ്യാപകമാക്കുന്നതിന് സംസ്ഥാന തലത്തിൽ ഹാച്ചറികളും നഴ്സറികളും ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയെ കൂടാതെ, സിഐഎഫ്ടി, സിഫ്നെറ്റ്, എഫ്എസ്ഐ, നിഫാറ്റ്, എൻബിഎഫ്ജിആർ, സിഫ്രി, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്, സ്പൈസസ് ബോർഡ്, പ്ലാന്റ് ക്വാരന്റൈൻ ഇൻഫർമേഷൻ സിസ്റ്റം, ഡയറക്റ്ററേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കൊ ഡവലപ്മെന്റ് എന്നി സ്ഥാപനങ്ങളിലെ മേധാവികളും ശാസ്ത്രജ്ഞരും യോഗത്തിൽ സംബന്ധിച്ചു. ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ആർ. നാരായണ കുമാർ എന്നിവർ സംസാരിച്ചു.




സിഎംഎഫ്ആർഐ യിൽ നടന്ന, കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡയറക്റ്റർമാരുടെയും ശാസ്ത്രജ്ഞരുടെയും യോഗത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി ഡോ. സഞ്ജീവ് കുമാർ ബല്യാൻ സംസാരിക്കുന്നു.



**June 17, 2016**